AKPCTA

**kerala private**

# COLLEGE TEACHER

No. 129

November 1995

സ ക്രട്ടേറിയററു പടിക്കൽ നിരാഹാരസമരം നടത്തുന്ന വിദ്യാർത്ഥികളെയും അധ്യാപകരെയും പോലീസ് തല്ലുന്നു



# പണിമുടക്ക് മാററിവച്ചു

കേന്ദ്രസർക്കാർ പ്രഖ്യാപിച്ച രണ്ടു ഗഡു ഇടക്കാലാശ്വാസം അനുവദിക്കുക, ഡി. എ. കുടിശ്ശിക നൽകുക, യു. ജി. സി. സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി കോളേജധ്യാപക സംയുക്തസമര സമിതി നവംബർ 21 ന് തുടങ്ങാൻ നിശ്ചയിച്ചിരുന്ന അനിശ്ചിതകാല പണിമുടക്ക് മാററിവച്ചു. ആവശ്യങ്ങൾ ഭാഗികമായി അനുവദിച്ചതിനെത്തുടർന്നാണ് തല്ക്കാലത്തേയ്ക്ക് പണിമുടക്ക് മാററിവയ്ക്കാൻ തീരുമാനിച്ചത്.

നവംബർ 13 ന് സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ കോളേജധ്യാപക സംയുക്ത സമരസമിതിക്കുവേണ്ടി എ കെ പി സി ടി എ ജനറൽസെക്രട്ടറി കെ. പി. ദിവാകരൻനായരും എ കെ ജി സി ടി ജനറൽ സെക്രട്ടറി കെ. കെ. വിശ്വനാഥനും പങ്കെടുത്തു. കോളേജധ്യാപകരുടെ ഡിമാൻറുകൾ രണ്ടു നേതാക്കൻമാരും യോഗത്തിൽ ശക്തമായി അവതരിപ്പിച്ചു. പി. എഫ്. ലോൺ കാര്യത്തിൽ ഇന്നുള്ള അക്ഷന്തവ്യമായ കാലതാമസത്തിന് ഉടനടി പരിഹാരമുണ്ടാക്കണമെന്നും എ കെ പി സി ടി എ ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടു.

ചർച്ചയെത്തുടർന്ന് നവംബർ 16 ന് 100 രൂപ ഇടക്കാലാശ്വാസവും, രണ്ടു ഗഡു ക്ഷാമബത്തയും പ്രഖ്യാപിച്ചു. തുടർന്നു ചേർന്ന സംയുക്ത സമരസമിതി സർക്കാർ പ്രഖ്യാപനം തൃപ്തികരമല്ലെങ്കിലും സമരം തല്ക്കാലത്തേയ്ക്കു മാററി വയ്ക്കാൻ തീരുമാനിക്കുകയുണ്ടായി.

---

കേരള പ്രൈവററ് കോളേജ് ടീച്ചർ

ലക്കം : 129

നവമ്പർ 1995

എഡിററർ :

വി. എൻ. മുരളി

മാനേജിംഗ് എഡിററർ :

എ. പ്രതാപചന്ദ്രൻനായർ

അംഗങ്ങൾ : എസ്. വിശ്വനാഥൻ, കെ. പി. ദിവാകരൻനായർ, എം. സലിം, ജോയ് ജോബ് കുളവേലി, ടി. എൻ. മനോഹരൻ, വി. രാജേന്ദ്രൻനായർ, ജോണി കെ. ജോൺ, കെ. സി. കുട്ടപ്പൻനായർ, ജി. എസ്. സുരേഷ്, കെ. രാജേന്ദ്രബാബു, ജെ. ചന്ദ്ര

# വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ ജനകീയ മുന്നേററം

കേരളത്തിൽ ഇപ്പോൾ നടക്കുന്ന വിദ്യാഭ്യാസസമരത്തെപ്പററി നവമ്പർ 29 ന് മുഖ്യമന്ത്രി പ്രതിപക്ഷനേതാക്കളുമായി ചർച്ചനടത്തും എന്ന പ്രഖ്യാപനം വന്നതിനുശേഷമാണ് ഈ വരികൾ എഴുതുന്നത്. വിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കണമെന്ന ആവശ്യത്തിനുനേരേ 29 ന്റെ ചർച്ചയിൽ ആൻറണി സർക്കാർ എന്തു നിലപാടാണ് സ്വീകരിക്കുക എന്നറിയില്ല. വിദ്യാർത്ഥികളും അധ്യാപകരും തുടങ്ങിവച്ച സമരം കേരളത്തിലിപ്പോൾ ഒരു ജനകീയസമരമായി വളർന്നിരിക്കയാണ്.

കഴിഞ്ഞ രണ്ടുവർഷമായി എകെപിസിടിഎ ഈ സമരത്തിന്റെ മുന്നണിപ്പോരാളിയാണ്. സ്വകാര്യവൽക്കരണത്തെ എതിർക്കുന്നവരാണ് സമരം നടത്തുന്നവർ എന്നൊരു പ്രചാരണം കുത്തകപത്രങ്ങളും മററും നടത്തുന്നുണ്ട്. സ്വകാര്യസ്ഥാപനങ്ങൾ വിദ്യാഭ്യാസരംഗത്തു വഹിച്ചുപോരുന്ന പങ്ക് തിരിച്ചറിയുന്നവരാണ് നമ്മളെല്ലാം. എന്നാൽ ഇപ്പോൾ നടക്കുന്നത് സ്വകാര്യവൽക്കരണമല്ല. കച്ചവടവൽക്കരണമാണ്. പണമുള്ളവർക്കുമാത്രമായി വിദ്യാഭ്യാസം സംവരണം ചെയ്യപ്പെടുന്നു. പരിയാരത്തെ മെഡിക്കൽ കോളേജിൽ ഒരു സീററിന് 23 ലക്ഷം രൂപവച്ചാണ് എൻ. ആർ. ഐ. ക്വാട്ടയിൽ വിൽക്കുന്നത്. ജനങ്ങളിൽ ബഹുഭൂരിപക്ഷവും പണമില്ലാത്തതിന്റെ പേരിൽ വിദ്യാഭ്യാസരംഗത്തുനിന്നും ആട്ടിയോടിക്കപ്പെടുന്നു. അൺഎയ്ഡഡ് സ്കൂൾ-കോളേജ്, സ്വാശ്രയകോളേജ്-ഇവിടങ്ങളിലൊന്നും നിർധനർക്ക് എത്തിനോക്കാനാവില്ല. ഈ നയത്തെ ഉത്തരവാദിത്തമുള്ള ഏതു സംഘടനയും ചെറുക്കും.

സർക്കാരിന്റെ ലക്ഷ്യം വിദ്യാഭ്യാസ പരിഷ്ക്കാരമാണോ? എങ്കിൽ സർക്കാർ-സ്വകാര്യമേഖലയിൽ ഇന്നുള്ള കോളേജുകളെയല്ലേ ശ്രദ്ധിക്കേണ്ടത്. അവിടുത്തെ കോഴ്സുകൾ പരിഷ്ക്കരിക്കാനും മാററങ്ങൾ വരുത്താനും എന്തുകൊണ്ട് സർക്കാർ തയ്യാറാകുന്നില്ല? ഈ കോളേജുകൾ നശിച്ചോട്ടെ എന്നാണ് സർക്കാർ മനോഭാവം. പുതുതായി അനുവദിച്ച അൺഎയ്ഡഡ് കോളേജുകളെടുത്ത് ഇപ്പോഴുള്ള അഫിലിയേററഡ് കോളേജുകളിൽ പല ഡിഗ്രി കോഴ്സിനും വിദ്യാർത്ഥികളില്ല എന്ന അവസ്ഥ ഈ വർഷം പ്രകടമായിരുന്നു. ഇത് തുടരാൻ പോവുകയാണ്. അൺഎയ്ഡഡ് സ്കൂളുകൾ ധാരാളമായി അനുവദിച്ചപ്പോൾ സർക്കാർ സ്കൂളുകൾ പൂട്ടിയത് നമ്മൾ കണ്ടതാണ്.

കേരളത്തിലെ ജനകീയ വിദ്യാഭ്യാസത്തിന്റെ അടിത്തറ ബലപ്പെടുത്തുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള പോരാട്ടം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. 1957-ൽ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലു വന്നപ്പോൾ ഇവിടുത്തെ പിന്തിരിപ്പൻമാർ വിമോചനസമരാഭാസം സംഘടിപ്പിച്ച് അതിന് തടയിടാൻ ശ്രമിച്ചു. അന്നുമുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള പോരാട്ടം നമ്മൾ തുടർന്നുവരികയാണ്. കർണ്ണാടകത്തിലും മററും വിദ്യാഭ്യാസക്കച്ചവടം നടക്കുന്നതുകൊണ്ട് ഇവിടെയും വേണമെന്ന് ബുദ്ധി ഉറച്ചവരാരും വാദിക്കില്ല. (വിമോചനസമരത്തിന്റെ പിൻമുറക്കാരും കുത്തകപത്രങ്ങളും ആവശ്യപ്പെടുന്നതതാണ്). മററു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ് കേരളം എന്നു നമ്മളഭിമാനിക്കുമ്പോൾ അതിൽ പ്രധാനം ഈ പൊതുവിദ്യാഭ്യാസ സംസ്കാരമാണ്. അതില്ലാതാക്കാനുള്ള നീക്കത്തെയാണ് നമ്മൾ ചെറുക്കുന്നത്.

ഈ സമരം പാവപ്പെട്ടവരുടെ വിദ്യാഭ്യാസാവകാശ സംരക്ഷണത്തിനു വേണ്ടിയുള്ളതാണ്. അധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഒരൊററ ശക്തിയായി നിന്നുകൊണ്ട് ഇത് വിജയിപ്പിക്കും.

□

# നിരാഹാരസമരപ്പന്തലിൽ ലാത്തിച്ചാർജ്ജ്

ഏറെ ദിവസങ്ങളായി നിരാഹാരസമരത്തിലായിരുന്ന വിദ്യാർത്ഥികളെ പോലീസ് സമരപ്പന്തലിനകത്തു കയറി ക്രൂരമായി തല്ലിച്ചതച്ചു. കേരളത്തിൽ മുമ്പൊരിക്കലും ഒരു സർക്കാരും ഇത്തരത്തിൽ പെരുമാറിയിട്ടില്ല. സത്യഗ്രഹികളെ പോലീസിൻെറ മർദ്ദനത്തിൽനിന്നും രക്ഷിക്കാനെത്തിയ അധ്യാപക സംഘടനാനേതാക്കളേയും പോലിസ് ക്രൂരമായി മർദ്ദിച്ചു. കെ. എസ്. ടി. എ. നേതാവ് ബാലകൃഷ്ണൻ നമ്പ്യാർ, എ. കെ. ജി. സി. ടി. മുൻ ജനറൽ സെക്രട്ടറി പി. കെ. മാധവൻനായർ, മുൻമന്ത്രി നീലലോഹിതദാസൻ നാടാർ എന്നിവരെ മർദ്ദനമേററ് ആശുപത്രിയിൽ അഡ്മിററുചെയ്തു. വിദ്യാർത്ഥി നേതാക്കളായ സി. എസ്. ആഷിക്, കെ. എൻ. ബാലഗോപാൽ. വി. എസ്. അനിൽകുമാർ, ഗീതാകുമാരി, ഉല്ലാസ്‌രാജ്, പ്രേംസുധ, മുസാഫർ അഹമ്മദ്, ടി. അനിൽ, പി. എം. സലിം, വാസു, യുവജനനേതാവ് മധു എന്നിവർക്കും കഠിനമായ മർദ്ദനമേററു. സംസ്ഥാനത്താകെ ഭീകരമായ മർദ്ദനമാണ് പോലീസ് അഴിച്ചുവിട്ടത്. കോഴിക്കോട്, പാലക്കാട്, എറണാകുളം എന്നിവിടങ്ങളിലെല്ലാം ലാത്തിച്ചാർജുണ്ടായി. സംസ്ഥാനത്തൊട്ടാകെ പോലീസ് നടത്തിയ പൈശാചികാക്രമണത്തിൽ പ്രതിഷേധിച്ച് നവംബർ 8-ന് കേരളം ബന്ദാചരിച്ചു. എകെപിസിടിഎ ഉൾപ്പെടെയുള്ള സംഘടനകൾ അന്ന് പണിമുടക്കി ബന്ദിൽ പങ്കുചേർന്നു.

# സെക്രട്ടേറിയററു പടിക്കലും ജില്ലാകേന്ദ്രങ്ങളിലും നിരാഹാരസമരം തുടരുന്നു

കേരളസർക്കാരിൻെറ വിദ്യാഭ്യാസക്കച്ചവടം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് അധ്യാപകരും വിദ്യാർത്ഥികളും സെക്രട്ടേറിയററു പടിക്കലും എല്ലാ ജില്ലാകേന്ദ്രങ്ങളിലും നടത്തുന്ന അനിശ്ചിതകാല നിരാഹാരസമരം തുടരുകയാണ്. സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് വിവിധ സർവീസ്-ട്രേഡ്‌യൂണിയൻ സംഘടനകൾ അനുഭാവ ധർണയും പ്രകടനവും എല്ലാ ദിവസവും നടത്തുന്നുണ്ട്. വിദ്യാഭ്യാസത്തിൻെറ ജനകീയാടിത്തറ തകർക്കുന്ന സർക്കാർനയത്തിനെതിരെ അധ്യാപകരും വിദ്യാർത്ഥികളും തുടങ്ങിവച്ച ചെറുത്തുനില്പ് ഒരു ബഹുജനസമരമായി വളർന്നിരിക്കയാണ്.

---

# വിദ്യാഭ്യാസ സംരക്ഷണ മാർച്ച്

നവമ്പർ 25 ന് അധ്യാപകരുടെ വിദ്യാഭ്യാസ സംരക്ഷണമാർച്ച് സെക്രട്ടേറിയററു പടിക്കലും എല്ലാ ജില്ലാകേന്ദ്രങ്ങളിലും നടന്നു. കെ.എസ്.ടി.എ., എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി. പ്രവർത്തകർ മാർച്ചിൽ പങ്കെടുത്തു. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ തകർത്തുകൊണ്ട് വിദ്യാഭ്യാസക്കച്ചവടം നടത്തുന്ന സർക്കാർ നയത്തിനെതിരായും സമരം ചെയ്യുന്നവരെ തല്ലിച്ചതയ്ക്കുന്ന പോലീസ് നയത്തിൽ പ്രതിഷേധിച്ചുമായിരുന്നു മാർച്ച്. കഴിഞ്ഞ വർഷം നവമ്പർ 25 നാണ് കൂത്തുപറമ്പിൽ സമരത്തിൽ പങ്കെടുത്ത അഞ്ചു യുവാക്കൾ പോലീസിൻെറ വെടിയേററു മരിച്ചത്.

---

# കണ്ണൂർ മെഡിക്കൽ കോളേജിൻെറ പിന്നിലെ ഞെട്ടിപ്പിക്കുന്ന അഴിമതിയും ജനവഞ്ചനയും

കണ്ണൂർ മെഡിക്കൽ കോളേജിൻെറ പിന്നിലെ യഥാർത്ഥ വസ്തുതകൾ പലർക്കും അറിയില്ലെന്നതാണ് വാസ്തവം. മെഡിക്കൽ കോളേജ് സ്വകാര്യ മേഖലയിലാണോ, സഹകരണമേഖലയിലാണോ എന്ന് ജനങ്ങളോട് വ്യക്തമായി പറയാൻ ആൻറണി സർക്കാർ തയ്യാറായിട്ടില്ല. ഇതു സംബന്ധിച്ച് അന്വേഷിച്ച ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഗവർമെണ്ട് സെക്രട്ടറിമാരുടെ കമ്മിററി റിപ്പോർട്ട് സർക്കാർ പ്രസിദ്ധീകരിക്കാൻ തയ്യാറല്ല. സംസ്ഥാനത്ത് ഏററവും കൂടുതൽ ചർച്ചാവിഷയമാവുകയും കോടികളുടെ അഴിമതി ആരോപിക്കപ്പെട്ടിരിക്കയും ചെയ്ത കണ്ണൂർ മെഡിക്കൽ കോളേജിൻെറ യഥാർത്ഥ വിവരങ്ങൾ ജനങ്ങളെ അറിയിക്കാൻ മുഖ്യമന്ത്രിക്കുചുമതലയുണ്ട്.

കണ്ണൂരിലെ മെഡിക്കൽ കോളേജ് സഹകരണമേഖലയിലാണെന്നും 3 വർഷം മുമ്പ് അത് പ്രവർത്തനം തുടങ്ങിയതാണെന്നുമാണ് ആൻറണി പറയുന്നത്. മിതമായിപറഞ്ഞാൽ ഇത് കളവാണ്. യഥാർത്ഥ വസ്തുതകൾ നമുക്കു പരിശോധിക്കാം.

1993-ലെ ബഡ്ജററിൽ കണ്ണൂരിൽ ഒരു മെഡിക്കൽ കോളേജ് സഹകരണ മേഖലയിൽ ആരംഭിക്കുമെന്ന് ഗവർമെണ്ട് പ്രഖ്യാപിച്ചു. അതിനുവേണ്ടി 2 കോടി രൂപ പിന്നീട് ബജററിൽ ഉൾപ്പെടുത്തി. 151 ഏക്കർ സർക്കാർ ഭൂമിയും പരിയാരം ടി ബി സാനിട്ടോറിയത്തിൻെറ കെട്ടിടവും നൽകി. ഹഡ്കോയിൽ നിന്ന് 100 കോടി രൂപയുടെ വായ്പക്കു സർക്കാർ ജാമ്യം നിന്നു, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് 8 കോടി രൂപ സമാഹരിച്ചു നൽകി.

എന്നാൽ മെഡിക്കൽ കോളേജിനു പകരം മെഡിക്കൽ കോളേജിനു വേണ്ട ആശുപത്രി മാത്രമാണ് സഹകരണ മേഖലയിൽ ആക്കിയത്. മെഡിക്കൽകോളേജും ആശുപത്രി കോംപ്ലക്സും യഥാർത്ഥത്തിൽ രണ്ടു സ്ഥാപനങ്ങളാണ്. മെഡിക്കൽ കോളേജ് ഒരു സ്വകാര്യ ട്രസ്ററാണ് തുടങ്ങുന്നത്. ആശുപത്രി തിരുവനന്തപുരത്തും കോളേജ് തലശ്ശേരിയിലും ആണ് രജിസ്ററർ ചെയ്തിരിക്കുന്നത്.

കേരളാസ്റേററ് കോ-ഓപ്പറേററീവ് ഹോസ്പിററൽ കോംപ്ലക്സ് ആൻറ് സെൻറർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിററഡ് എന്ന പേരിൽ 1969-ലെ സഹകരണ നിയമപ്രകാരമാണ് ആശുപത്രി സഹകരണ സൊസൈററിയായി രജിസ്ററർ ചെയ്തത്. എം. വി. രാഘവനാണ് ഇതിൻെറ പ്രസിഡണ്ട്.

മെഡിക്കൽ കോളേജിൻെറ ഉടമകളായ സ്വകാര്യ ട്രസ്ററിൻെറ പേര് 'അക്കാദമി ഓഫ് മെഡിക്കൽസയൻസസ്' എന്നാണ്. 1860-ലെ മദിരാശി സൊസൈററി നിയമപ്രകാരം (പഴയ മലബാർ ജില്ലകളിൽ ഇന്നും ഈ നിയമത്തിന് പ്രാബല്യമുണ്ട്) ആണ് ഇത് രജിസ്ററർ ചെയ്തിരിക്കുന്നത്. ഗവർമെണ്ട് നോമിനികളായി നേരത്തെ ഈ ട്രസ്ററിൽ അംഗങ്ങളായിരുന്ന സഹകരണ വകുപ്പ് സെക്രട്ടറി, ഹെൽത്ത് സെക്രട്ടറി, സ്റേററ് സഹകരണ രജിസ്ററാർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, കണ്ണൂർ ജില്ലാ കളക്ടർ എന്നീ ഉന്നത ഉദ്യോഗസ്ഥരെ നീക്കം ചെയ്ത് ഈ സ്വകാര്യ ട്രസ്ററ് രജിസ്ററർ ചെയ്തതിന് അംഗീകാരം നൽകിയത് 1995 ജനുവരി ഒന്നിനാണ്. കേന്ദ്ര സംസ്ഥാന മന്ത്രിമാരായ കരുണാകരൻ, എം വി രാഘവൻ സി. ടി. അഹമ്മദാലി എന്നിവർ വ്യക്തികളെന്ന നിലയിലാണ് ട്രസ്ററിൽ അംഗങ്ങളായിട്ടുള്ളത്. സർക്കാർ മാറിയാലും ഇവരെ മാററാൻ നിലവിലുള്ള നിയമപ്രകാരം കഴിയില്ല. കരുണാകരനാണ് ട്രസ്ററ് ചെയർമാൻ. രാഘവൻ വൈസ് ചെയർമാനും.

—>

അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് എന്ന ഈ സ്വകാര്യ ട്രസ്റ്റിനാണ് മെഡിക്കൽ കോളേജ് തുടങ്ങാൻ കേന്ദ്ര ഗവർമെണ്ടിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇക്കാര്യം സെക്രട്ടറിമാരുടെ റിപ്പോർട്ടിൽ വെളിവാക്കിയിട്ടുണ്ട്. സ്വന്തമായി മെഡിക്കൽ കോളേജില്ലാത്ത, മെഡിക്കൽ മേഖലയിൽ മുൻകാല പരിചയമില്ലാത്ത, ഒരു ലക്ഷത്തിൽപരം രൂപ മാത്രം ആസ്തിയുള്ള ഒരു സ്വകാര്യട്രസ്റ്റിന് മെഡിക്കൽ കോളേജ് തുടങ്ങാൻ അനുമതി കൊടുത്തത് നിയമവിരുദ്ധമാണ്. കോൺഗ്രസിന്റെ ദേശീയ നേതാക്കൾ തികഞ്ഞ അധികാര ദുരുപയോഗത്തിലൂടെയാണിത് നടത്തിയിരിക്കുന്നത്,

മെഡിക്കൽ കോളേജ് സ്വകാര്യ ട്രസ്റ്റിനു കീഴിലാക്കിയതിന്റെ പിന്നിൽ രണ്ടു ലക്ഷ്യങ്ങളാണുള്ളത്. ഒന്ന് സ്വകാര്യ മെഡിക്കൽ കോളേജിനു മാത്രമെ എൻ ആർ ഐ പേമെന്റ് സീറ്റുകളിൽ കച്ചവടം നടത്താൻ കഴിയൂ. 23 ലക്ഷം രൂപയാണ് ഒരു എൻ ആർ ഐ സീറ്റിനു നിശ്ചയിച്ചിരിക്കുന്ന വില. സുപ്രീംകോടതി വിധിപ്രകാരം സർക്കാരിന്റെ സ്വത്ത് ഉൾപ്പെടുന്ന ഒരു മാനേജ്മെന്റിനും പേമെന്റ് സീറ്റ് അനുവദനീയമല്ല. രണ്ടാമത്തേത്. സ്വകാര്യട്രസ്റ്റ് രൂപീകരിക്കുന്നതിലൂടെ കരുണാകരനും രാഘവനും ആജീവനാന്തം മെഡിക്കൽ കോളേജിനുടമകളാകാം. അതിനാണ് തലശ്ശേരിയിൽ 1860 ലെ സൊസൈറ്റി ആക്ട് പ്രകാരം സ്വകാര്യട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുള്ളത . ഈ നിയമപ്രകാരം പ്രസ്തുത ട്രസ്റ്റിനു സർക്കാർ നിയന്ത്രണമോ ആഡിറ്റിങ്ങോ ബാധകമല്ല. സ്വാഭാവികമായും കോടികളുടെ വിദ്യാഭ്യാസ കച്ചവടം പൊതുജനമറിയാതെ നടത്താം. സർക്കാരിന്റെ ഭീമമായ സ്വത്ത് നിയമവിരുദ്ധമായി കൈവശപ്പെടുത്താം. നഗ്നമായ വഞ്ചനയും ധാർമ്മികാധഃപതനവുമാണ്.

സഹകരണ മേഖലയിലാണ് കോളേജ് എന്നാണ് സർക്കാർ പ്രചരിപ്പിച്ചതും ജനങ്ങളുടെ ധാരണയും. എന്നാൽ സ്വകാര്യ ട്രസ്റ്റാണ് കോളേജ് നടത്തുന്നതെന്ന് മനസിലായപ്പോഴാണ് കക്ഷിരാഷ്ട്രീയമില്ലാതെ മെഡിക്കൽ വിദ്യാർത്ഥികൾ ഒന്നടങ്കം സമരരംഗത്തേക്കിറങ്ങിയതും ബഹുജനങ്ങളുടെയാകെ ശ്രദ്ധ ആകർഷിച്ചതും. കരുണാകരനും അഹമ്മദാലിക്കും, രാഘവനും സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങി സീറ്റുകച്ചവടം നടത്താൻ 140 കോടി വിലമതിക്കാവുന്ന പൊതുമുതൽ തട്ടിയെടുക്കുന്നുവെന്നതാണ് വിദ്യാർത്ഥികൾ ചൂണ്ടിക്കാട്ടുന്ന പ്രശ്നം. കേരളത്തിന്റെ ചരിത്രത്തിൽ വിദ്യാഭ്യാസരംഗത്ത് നടന്ന ഏറ്റവും വലിയ അഴിമതിയാണിത്. പാമോയിൽ അഴിമതിയിൽപോലും 7 കോടി രൂപയാണ് ആരോപിക്കപ്പെട്ടതെന്നോർക്കണം.

പരിയാരം മെഡിക്കൽ കോളേജിനു പിന്നിലെ അഴിമതി ഇങ്ങനെ സംഗ്രഹിക്കാം. ഗവർമെണ്ടിന്റെ സ്വത്തും പൊതുമുതലും അക്കാദമി ഓഫ് മെഡിക്കൽ സയൻസസിനു നേരിട്ട് കൊടുക്കാൻ നിയമപരമായി കഴിയില്ല. കാരണം അതൊരു സ്വകാര്യ സൊസൈറ്റിയാണ്. എന്നാൽ സഹകരണ സ്ഥാപനമായതിനാൽ സഹകരണ ആശുപത്രിക്കു ഗവർമെണ്ട് സ്വത്തും പൊതുമുതലും കൊടുക്കാവുന്നതാണ്. സഹകരണ സ്ഥാപനത്തിന് എൻ. ആർ. ഐ. സീറ്റും പേമെന്റ് സീറ്റും ഉള്ള മെഡിക്കൽ കോളേജ് നടത്താൻ കോടതി വിധിപ്രകാരം അനുവാദമില്ല. ഈ സാഹചര്യത്തിൽ സഹകരണ സൊസൈറ്റി തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്ത് ഗവർമെണ്ട് സ്വത്തും പൊതുമുതലും വിട്ടുകൊടുക്കാൻ നടപടിയെടുത്തശേഷം ആ ആസ്തി ഉപയോഗപ്പെടുത്തി സ്വകാര്യട്രസ്റ്റിന്റെ കീഴിൽ മെഡിക്കൽ കോളേജ് തുടങ്ങിയിരിക്കുകയാണ്.

അക്കാദമി ഓഫ് മെഡിക്കൽ സയൻസ് എന്ന സ്വകാര്യ ട്രസ്റ്റിന്റെ പേരിൽ രാഘവനും കരുണാകരനും അഹമ്മദാലിയും അടക്കമുള്ളവർക്ക് കോടികളുടെ സീറ്റുകച്ചവടം നടത്താൻ പൊതുമുതലും കോടിക്കണക്കിനു രൂപ വരുന്ന സർക്കാരിന്റെ സ്വത്തും തട്ടിയെടുക്കുവാൻ സഹകരണ ആശുപത്രിയെ മറയാക്കിയിരിക്കുന്നുവെന്നതാണ് പരിയാരം മെഡിക്കൽ കോളേജ് അഴിമതിയുടെ യഥാർത്ഥ മുഖം.

(സേവ് എഡ്യൂക്കേഷൻ പ്രസിദ്ധീകരണം]

പ്രൊഫ. പി. ജെ. ഫിലിപ്പ്

# അധികാരവികേന്ദ്രീകരണം — ചില വികസന പ്രശ്നങ്ങൾ

കേരളത്തിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും, പുതിയ വികസനസാദ്ധ്യതകളെപ്പററിയും പൊതുജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകിയിട്ടുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാധ്യമങ്ങളും ഈ പ്രതീക്ഷ വളർത്തിയെടുത്തതിൽ നല്ല പങ്കു വഹിച്ചിട്ടുമുണ്ട്. സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ ആസൂത്രണ വികസനത്തെപ്പററി ഏറെ പ്രതീക്ഷ ജനങ്ങൾക്ക് നൽകുകയും, അത് നേടിയെടുക്കാൻ കഴിയാതെ വരുകയോ, അല്ലെങ്കിൽ പ്രതീക്ഷകൾ അതിരുവിട്ടതാകയോചെയ്തപ്പോഴാണ് ബഹുഭൂരിപക്ഷം ജനങ്ങളും നിരാശരായത്. ഇത്തരുണത്തിൽ അധികാര വികേന്ദ്രീകരണത്തിൽ കൂടി ആർജ്ജിക്കാൻ കഴിയുന്ന സാമ്പത്തിക-സാമൂഹ്യവികസനത്തെപ്പററി നമുക്ക് യഥാർത്ഥ്യബോധ്യം ഉണ്ടായേ മതിയാവൂ

ആദ്യമായി വികസനം എന്ന സമസ്യയെപ്പററിത്തന്നെ പരിശോധിക്കാം. പ്രകൃതി വിഭവങ്ങളെ ജനശക്തിയും സാങ്കേതിക വിദ്യയും ചേർന്ന് 'ചൂഷണം' ചെയ്ത് സാധനങ്ങളുടെയും സേവനങ്ങളുടെയും വർദ്ധിച്ചുവരുന്ന വളർച്ചാനിരക്ക് കൈവരിക്കുക, ഓരോ പൗരനും മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുക മുതലായ ഭൗതിക പരിതസ്ഥിതികളുമായി ബന്ധപ്പെട്ടാണ് നാം വികസനത്തെ അളക്കുന്നത്. ദേശീയ വളർച്ചാ നിരക്ക് മററ് വികസ്വരരാജ്യങ്ങളുടെ ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ അത്ര കണ്ട് മോശമല്ലാതിരുന്നിട്ടുകൂടി ശരാശരി ജീവിതനിലവാരം ഉയർത്തുന്നതിൽ നാം പരാജയപ്പെട്ടു എന്നതാണ് നമ്മുടെ വികസനപ്രതിസന്ധി. അതേസമയം ദേശീയ ശരാശരിയേക്കാൾ താണ ആളോഹരി വരുമാനം ആയിരുന്നിട്ടുകൂടി ആർജ്ജിച്ചവികസനം കൂടുതൽ മെച്ചമായി വിതരണം ചെയ്യുന്നതിലും വിനിയോഗിക്കുന്നതിലും കേരളം വിജയിച്ചു എന്നതിലാണ് 'കേരള മോഡൽ' വികസനം ആഗോള പ്രശസ്തിനേടിയത്. എന്നാൽ വികസനത്തെപ്പററിയുള്ള ഇന്നത്തെ പാശ്ചാത്യ സങ്കൽപം നിലനിർത്താൻ കഴിയുന്നതാണോ എന്ന ചോദ്യം ഇന്ന് കൂടുതൽ മേഖലകളിൽ നിന്നും ഉയരുന്നുണ്ട്. ഗ്രാമവികസനത്തിന്റെ മാതൃകകളായി പൊതുപ്രവർത്തകരും ജനങ്ങളും ഉയർത്തിക്കാണിക്കുന്നത് ടാർറോഡുകൾ, ശുദ്ധജലവിതരണം, വൈദ്യുതി, ഭവന നിർമ്മാണ പദ്ധതികൾ, ആരോഗ്യപരിപാലനം എന്നിവയാണ്. ഇവയെല്ലാം ആവശ്യം തന്നെ. നമ്മുടെ ഗ്രാമപ്രദേശങ്ങളിലാകെ ഇത് സാധ്യമാക്കാനും, കാര്യക്ഷമമായി നിലനിർത്താനും വേണ്ട ഊർജ്ജസ്രോതസ്സോ, സാമ്പത്തിക അടിത്തറയോ നമുക്കുണ്ടോ എന്ന ചോദ്യവും ഇതോടൊപ്പം ഉയർത്തേണ്ടിയിരിക്കുന്നു. കേരളത്തിന്റെ മൊത്തമായ സാമ്പത്തിക വികസനത്തിൽ ഊന്നിയുള്ള ഒരു ഗ്രാമവികസന ധാര വികസിപ്പിച്ചെങ്കിൽ മാത്രമേ സമന്വയത്തോടു കൂടിയ അധികാര വികേന്ദ്രീകരണം സാധ്യമാകൂ.

നടപ്പിലാക്കിയിരിക്കുന്ന ത്രിതല പഞ്ചായത്ത് സംവിധാനത്തിന് ഘടനാപരമായ ചില പോരായ്മകൾ ഉണ്ട്. ജില്ലാവികസനത്തിൽ ഗ്രാമങ്ങളും നഗരങ്ങളുമായി സമന്വയിപ്പിക്കുന്ന ആസൂത്രണം നടത്താൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയുമോ എന്ന ചോദ്യം പ്രസക്തമാണ്. മുനിസിപ്പാലിററികളും കോർപ്പറേഷനും ഒഴിച്ചുനിർത്തിയിട്ടുള്ള ജില്ലാപഞ്ചായത്തുകൾ വളരെയേറെ പ്രായോഗിക ബുദ്ധിമുട്ടുകളെ നേരിടും. കേരളത്തിലെ എല്ലാ ജില്ലക

ളിലും അതിന്റെ സിരാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന അനവധി ചെറു പട്ടണങ്ങളും നഗരങ്ങളും ഉണ്ട്. ജില്ലാ പഞ്ചായത്ത് ഭരണവും ഇവയുമായി ബന്ധപ്പെടാതെ ഒരു വികസന പദ്ധതിയും രൂപീകരിക്കാൻ കഴിയില്ല. അതുകൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെ സ്ഥലപരമായ (spatial) പുനക്രമീകരണം വേണ്ടിയിരിക്കുന്നു.

കേരള മോഡൽ വികസനത്തിന്റെ പ്രത്യേകതകൾ മൂലം എപ്രകാരമുള്ള വികസന ക്രമമാണ് വിഭവങ്ങൾ സമാഹരിക്കുന്നതിലും, തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനും അഭികാമ്യം എന്ന് അന്വേഷിക്കേണ്ടതാണ്. കൃഷിയുടെയും വ്യവസായത്തിന്റെയും മുരടിപ്പ് നമ്മുടെ സംസ്ഥാന സാമ്പത്തിക വ്യവസ്ഥയെ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു എന്ന പൊതുവിലയിരുത്തൽ അംഗീകരിക്കുമ്പോൾതന്നെ ഈ മേഖലകളെ ചലനാത്മകമാക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടോ, ഇവ ചലനാത്മകമായാൽ വേണ്ട വളർച്ചാനിരക്ക് കൈവരിക്കാനാകുമോ എന്ന ചോദ്യങ്ങളും പ്രസക്തമാണ്. കൃഷിഭൂമിയുടെ വിസ്തൃതിയിൽ വന്നിരിക്കുന്ന കുറവ്, ഭൂമിയുടെ വർദ്ധിച്ചു വരുന്ന നാഗരിക ആവശ്യങ്ങൾ, വേഗത്തിൽ നഷ്ടപെട്ടു കൊണ്ടിരിക്കുന്ന കൃഷി ഉൽപാദനശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ വൻപിച്ച കാർഷികമുന്നേറ്റം പ്രതീക്ഷിക്കാനാവുമോ ? സംസ്ഥാനത്തിന്റെ 32 ശതമാനം വരുമാനം നൽകുന്ന കൃഷിയും. 23 ശതമാനം നൽകുന്ന വ്യവസായവും അനുദിനം ക്ഷയിച്ചു വരുന്നതിൽ ഘടനാപരമായ പല പരിമിതികളും അടങ്ങിയിരിക്കുന്നു എന്നതാണ് സത്യം. കേരള സംസ്ഥാന വരുമാനത്തിന്റെ 45 ശതമാനത്തോളം സംഭാവന ചെയ്യുന്ന ആരോഗ്യ പരിപാലന സംവിധാനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഗതാഗതം, ബാങ്കിംഗ്, വാർത്താവിനിമയം, മൂലധന വിപണി, കച്ചവടം, ടൂറിസം, രാജ്യാന്തര ഗതാഗതം, കുടിയേറ്റവും തൊഴിൽ തേടി പോകലും, ഭവനനിർമാണം എന്നീ സേവന മേഖലകളിലൂടെയാണ് സംസ്ഥാനത്തെ ഗണ്യമായ ജനവിഭാഗം അവരുടെ വരുമാനം ആർജ്ജിക്കുന്നത്. പരമ്പരാഗതമായി ലഭിച്ച ഭൂമിയും, വ്യവസായങ്ങളും ബഹുഭൂരിപക്ഷത്തിനെ സംബന്ധിച്ചിടത്തോളം അവരുടെ പ്രധാന വരുമാന മാർഗ്ഗമല്ല. നെല്ല്, തെങ്ങ് തുടങ്ങിയ പരമ്പരാഗത വിളകളിന്ന് കുടുംബവരുമാനത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ നൽകുന്നുള്ളൂ. റബ്ബർ മാത്രമാണ് ഇതിനൊരപവാദം. പ്രവചിക്കപ്പെടുന്നതുപോലെ കാർഷിക മേഖലയുടെ വളർച്ചയില്ലായ്മ നമ്മുടെ സാമ്പത്തിക മേഖലയെ അത്ര കണ്ട് തളർത്തിയിട്ടില്ല എന്നതാണ് സത്യം. ഇനിയുള്ള നാളുകളിൽ കേരളത്തിന്റെ സാമ്പത്തിക-സാമൂഹ്യ വികസനത്തിന് നമ്മുടെ സേവന മേഖലയെ കാര്യക്ഷമമാക്കുകയും, ഗ്രാമങ്ങളും നഗരങ്ങളും ഒരുപോലെ സേവനമേഖലയുടെ ശൃംഖലയിൽ കണ്ണികളാകാൻ കെൽപ്പു നേടുക എന്നതായിരിക്കണം വികേന്ദ്രീകൃതമായ വികസനത്തിന്റെ ഒരു പ്രധാന ലക്ഷ്യം. അതിനെ നമ്മുടെ അടിസ്ഥാന സാങ്കേതിക ജ്ഞാനവും പ്രയോഗവും കൂടുതൽ കാര്യക്ഷമത കൈവരിച്ചേ മതിയാകൂ. ഇപ്രകാരമുള്ള കാര്യക്ഷമത കൈവരിക്കാനുള്ള സ്ഥാപനങ്ങളെ സാമൂഹ്യ നീതിക്ക് വിധേയമായി വളർത്തിയെടുക്കണം.

മേൽപ്പറഞ്ഞ വികസനദൗത്യം ഏറ്റെടുക്കുമ്പോൾ തന്നെ കൃഷിയേയും, വ്യവസായങ്ങളേയും കാലാനുസൃതമായി പോഷിപ്പിക്കാനുള്ള സാദ്ധ്യതകളും ആരായണം. കൃഷി ഭൂമിയുടെ വിസ്തൃതിയിൽ വന്നുകൊണ്ടിരിക്കുന്ന ശോഷണം തടയപ്പെടണം. കാർഷികേതര ഉപയോഗത്തിന് കൃഷിഭൂമി മാറ്റപ്പെടുന്നത് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജാഗ്രതയായി മുന്നോട്ടു വരണം. മലയാളിയുടെ ഭവനസങ്കൽപവും മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഓരോ കുടുംബത്തിനും വീട്, മുറ്റം, തൊഴുത്ത്, പൂന്തോട്ടം എന്നിവ ക്രമീകരിച്ചുള്ള പാർപ്പിട സ്വപ്നം മനോഹരമാണ്. എങ്കിലും ഇത് നമ്മുടെ അമൂല്യമായ ഭൂസമ്പത്തിനെ ക്ഷയിപ്പിക്കുന്നുണ്ട് എന്ന വസ്തുത ഓർക്കണം. ബഹുനില ഫ്ളാറ്റുകൾ, അല്ലെങ്കിൽ ഒന്നിൽക്കൂടുതൽ കുടുംബങ്ങൾക്ക് ഒരുമിച്ചു പാർക്കാൻ കഴിയുന്ന വീടുകൾ എന്നിവ പ്രോത്സാഹിപ്പിക്കപ്പെടണം. അതുപോലെ തന്നെ നദികളിൽ നിന്നുള്ള അമിതമായ മണൽവാരൽ, ചെറിയ ജലസ്രോതസ്സുകളുടെ നാശം, മണ്ണിടിച്ചിലും, മണ്ണൊലിപ്പും എന്നിവ തടയപ്പെടണം. വെള്ളം ഒഴിഞ്ഞുപോകാനുള്ള പ്രകൃതിദത്തമായ തോടുകൾ പാലു

# Autonomous colleges :

## AUT opposes UGC move

Madras, Oct. 27: The Association of University Teachers has opposed the move of the University Grants Commission to increase the number of autonomous colleges in the country.

In a statement on friday, AUT president S. Kingsly said initially autonomy was given only to established institutions, but now it was being given to "all and sundry"

The establishment of autonomous colleges prevented migration of students from one college to another. No innovative courses had been devised by any autonomous college, and only cosmetic changes had been effected in the syllabi. The board of studies in autonomous colleges merely duplicated the work done at the university level.

According to the AUT president, autonomous colleges "violated UGC guidelines with impunity". The finance committe of many autonomous colleges was not constituted according to UGC guidelines. "Nepotism, favouritism and victimisation of students and innumerable irregularities characterise the academic features of autonomous colleges," he charged,

Once autonomy was granted to an institution, even, the parent university would be unable to step in and solve academic disputes, he said. *(Indian Express, Oct, 29)*

കൾ അവ സംഭരിച്ചു നിർത്താനുള്ള കുളങ്ങൾ, തടാകങ്ങൾ, പാടശേഖരങ്ങൾ എന്നിവ നികത്താനുള്ള ഇപ്പോഴത്തെ സ്വാതന്ത്ര്യം നിയന്ത്രണവിധേയമാക്കണം. കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള പ്രോത്സാഹനവും അതിനുള്ള പരിശീലനവും നൽകാൻ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രേരിപ്പിക്കണം. ഒരു സാധാരണ കുടുംബത്തിലെ ഏതൊരംഗത്തിനും അനായാസമായി കൈകാര്യം ചെയ്യാൻ പാകത്തിൽ കാർഷികഉപകരണങ്ങൾ കണ്ടുപിടിച്ചും കൃഷിരീതികൾ ആകർഷകമാക്കിയും കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും തൊഴിൽ ശക്തിയെ വിനിയോഗിക്കുവാൻ വേണ്ട പ്രേരണ നൽകിയും തദ്ദേശ സ്ഥാപനങ്ങൾ ഈ മേഖലയിൽ ഒരു പുതിയ പന്ഥാവ് വെട്ടിത്തുറക്കണം.

ത്രിതല പഞ്ചായത്തുകൾക്ക് അവയുടെ ആസൂത്രണ സമിതികളുടെയും, അതാത് പ്രദേശത്തു ലഭ്യമായ വിദഗ്ധരുടെ സഹകര

ണ്ടോടും നൂതനമായ പല പരിപാടികളും ആവിഷ്കരിക്കാൻ കഴിയും.

ചില ഉദാഹരണങ്ങൾ :

1. ജില്ലാ ആസൂത്രണ സമിതിയും, ജില്ലാ പഞ്ചായത്തും ചേർന്ന് ചെറുകിടജലവൈദ്യുതപദ്ധതികൾ, ജലസംഭരണ സേവന പദ്ധതികൾ എന്നിവയ്ക്ക് രൂപം നൽകാൻ കഴിയും. ഈ പദ്ധതികളും സംസ്ഥാന ആസൂത്രണബോർഡിന്റെ വികസന പദ്ധതികളും സമന്വയിപ്പിച്ച് വേണം സംസ്ഥാന വാർഷിക പദ്ധതികൾക്ക് രൂപം നൽകാൻ.

2. ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ അഭ്യസ്ത വിദ്യരുടെയും തൊഴിൽ രഹിതരായ സാങ്കേതിക വിദഗ്ധരുടെയും സഹകരണസംഘങ്ങൾ ആരംഭിക്കുക. ഇപ്രകാരമുള്ള സംഘങ്ങൾക്ക് ഗ്രാമീണ - സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്ക്, പൊതുമേഖലാ ബാങ്കുകൾ എന്നിവയുടെ കൺസോർഷ്യം വഴി വായ്പകൾ ലഭ്യമാക്കാൻ മുൻകൈ എടുക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.

3. ഗ്രാമപഞ്ചായത്തുകൾക്ക്, കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമിയും, നിലങ്ങൾഎന്നിവയും പാട്ടത്തിന് എടുത്ത് തൊഴിൽരഹിതരായ ആളുകൾക്ക് കൊടുക്കുകയും, അവർക്കുവേണ്ട ധനകാര്യസഹായങ്ങൾക്ക് ഏർപ്പാടു ചെയ്യുകയും, ചെറിയ ജലസേചന പദ്ധതികൾ ആരംഭിക്കാൻ നേതൃത്വം കൊടുക്കുകയും ചെയ്യാം.

4. ഓരോ പ്രദേശത്തിലുമുള്ള റോഡുകളുടെ അററകുററപ്പണി, വഴിവിളക്കുകൾ കത്തിക്കുക, ശുദ്ധജല വിതരണം എന്നിവയുടെ ചുമതല ഗ്രാമങ്ങൾക്കോ, ആ പ്രദേശത്തെ നിവാസികൾക്കോ നൽകാം.

5. ഓരോ ഗ്രാമത്തിലും വളർന്നുവന്നിട്ടുള്ള കരകൗശല വ്യവസായങ്ങൾ, പരമ്പരാഗത നിർമാണ ചാതുര്യം എന്നിവ ചികഞ്ഞെടുത്തു ആധുനിക സാഹചര്യങ്ങൾക്ക് അനുസൃതമായി വികസിപ്പിക്കാൻ ശ്രമിക്കുക.

മേൽപ്പറഞ്ഞ പദ്ധതികളെപ്പോലെ അസംഖ്യം പരിപാടികൾക്ക് ഓരോ പ്രദേശത്തു രൂപം നൽകാൻ കഴിയും. ഇതിന്റെ വിജയത്തിന് ഉദ്യോഗസ്ഥ സഹകരണവും, ക്രിയാത്മകമായ വിഭവ സമാഹരണ സ്വാതന്ത്ര്യവും ഉണ്ടാകണം. അതാകട്ടെ എല്ലാ തലങ്ങളിലും വ്യാപകമായ അഴിച്ചു പണിയിലൂടെ മാത്രമേ കഴിയുകയുമുള്ളൂ. കേന്ദ്രത്തിൽ നിന്ന് കൂടുതൽ അധികാരങ്ങൾ സംസ്ഥാനങ്ങളിലേക്കും, സംസ്ഥാനത്തിൽ നിന്നും കൂടുതൽ ചുമതലകൾ പഞ്ചായത്തുകളിലേക്കും നൽകുന്ന പൂർണ്ണ വികേന്ദ്രീകരണമാണ് നടപ്പിലാവേണ്ടത്. □

## എകെപിസിടിഎയ്ക്ക് എതിരില്ല

ചെമ്പഴന്തി ശ്രീനാരായണാ കോളേജിലെ സ്ററാഫ് അസോസിയേഷൻ ഭാരവാഹികളായി എകെപിസിടിഎ പ്രതിനിധികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

ജി. ശാന്തകുമാർ (പ്രസിഡൻറ്), വിവേകാനന്ദൻ (സെക്രട്ടറി), സുമതി ചെല്ലപ്പൻ (ട്രഷറർ), ഹരിപ്രകാശ്, ഡോ: രവീന്ദ്രൻ, സതീഷ് ചന്ദ്രൻനായർ, ചന്ദ്രശേഖരൻ, ശിവൻ, ലില്ലി രാമൻ, സതികുമാരി, സേതുലക്ഷ്മി (എക്സിക്യൂട്ടീവ് കമ്മിററി അംഗങ്ങൾ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# ജില്ലകളിൽ നിന്ന്

## 'സേവ് എഡ്യുക്കേഷൻ' — എറണാകുളം ജില്ലാജാഥ

വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കുക, മെഡിക്കൽ—കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വിദ്യാർത്ഥികളുടെ സമരം ഒത്തുതീർപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സേവ് എഡ്യൂക്കേഷൻ എറണാകുളം ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 18, 19, 20 തീയതികളിൽ രണ്ടു വാഹനജാഥകൾ പര്യടനം നടത്തി.

ഒക്ടോബർ 18 ന് എ. കെ. പി. സി. ടി. എ. വൈസ് പ്രസിഡൻറ് പ്രൊഫ. ജോയ് ജോബ് കുളവേലിൽ നയിച്ച വടക്കൻ ജാഥ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. കെ. ഇബ്രാഹിം കുട്ടി കോതമംഗലത്ത് അടിവാടും; കെ.എസ്.ടി.എ. വൈസ് പ്രസിഡൻറ് ശ്രീമതി സോണികോമത്ത് നയിച്ച തെക്കൻ ജാഥ കൊച്ചി ഡെപ്യൂട്ടി മേയർ ശ്രീ. സാബു ജോർജ് പള്ളുരുത്തിയിലും ഉൽഘാടനം ചെയ്തു.

വടക്കൻ ജാഥ നെല്ലിമററം. കോട്ടപ്പടി, നെല്ലിക്കുഴി, ഓടക്കാലി, കുറുപ്പുംപടി, കൂവപ്പടി. പെരുമ്പാവൂർ, കാലടി, ശ്രീമൂലനഗരം, അത്താണി, കുറുമശ്ശേരി, അങ്കമാലി, ആലുവ, കടുംങ്ങല്ലൂർ, യു.സി. കോളേജ്, കരുമാലൂർ പറവൂർ, മൂത്തകുന്നം, ചെറായി, എടവക്കാട്, ഞാറയ്ക്കൽ എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം മാലിപ്പുറത്ത് സമാപിച്ചു.

വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ ജാഥാ ക്യാപ്ടനു പുറമെ ടി. എസ്. നാരായണൻ, കെ. ചന്ദ്രൻ (കെ. എസ്. ടി. എ), പ്രൊഫ. കെ. വി. ജോർജ്, (എ.കെ.ജി.സി.ടി) ശ്രീമതി കെ. എൻ. ചന്ദ്രിക (എൻ. ജി. ഒ. യൂണിയൻ) എന്നിവർ സംസാരിച്ചു.

തെക്കൻജാഥ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, എറണാകുളം ബോട്ട് ജട്ടി, സെൻറ് ആൽബർട്സ് കോളേജ്, കച്ചേരിപ്പടി, ചേരാനല്ലൂർ, ഇടപ്പള്ളി, കളമശ്ശേരി, കൊച്ചിൻ യൂണിവേഴ്സിററി; സിവിൽ സ്റേറഷൻ, പാലാരിവട്ടം, വൈററില, തൃപ്പൂണിത്തുറ, ഉദയംപേരൂർ, കാഞ്ഞിരമററം, മുളന്തുരുത്തി, മണീട്, പിറവം, കൂത്താട്ടുകുളം, മൂവാററുപുഴ, നെല്ലാട്, പട്ടിമററം, കരിമുകൾ, പുത്തൻകുരിശ് എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്കു ശേഷം കോലഞ്ചേരിയിൽ സമാപിച്ചു.

വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ ജാഥാ ക്യാപ്ററനു പുറമേ പ്രൊഫ. എൻ. രമാകാന്തൻ (എ. കെ. ജി. സി. ടി) വി. വി. കൃഷ്ണൻ, ഇക്കോരൻ (കെ. എസ്.ടി.എ.), വി. സി. ആൻറണി (എ.കെ.പി.സി.ടി.എ), സിന്ധു (എസ്.എഫ്.ഐ) എന്നിവർ സംസാരിച്ചു.

*— വി. സി. ആൻറണി. ജില്ലാസെക്രട്ടറി*

M. S. VASANTHA KUMAR

# THE BIRD

I seek safe sanctuaries
With shallow Lagoons-
That cook fish in sunlight,
That confer thrones of rock and wood,
That wet beaks to comb my feather,
That always refelct my weather...

A search for fit climate
Has piled precedents,
defying harder routines.

I mock at options
Like the snare of ideals,
I pity them when my ventures
gallop towards glorious goals.

I avoid tangles and puzzles,
tension and chaos.

A weather in phase
With my peace,
Is my choice.



## ഹരികുമാറിന് ഡോക്ടറേറ്റ്

തിരുവനന്തപുരം എം. ജി. കോളേജ് കോമേഴ്സ് അധ്യാപകൻ വി. ഹരികുമാറിന് ഡോക്ടറേറ്റ് ലഭിച്ചു. കേരള സർവ്വകലാശാലയിൽ നിന്നാണ് ഹരികുമാർ ഡോക്ടറേറ്റ് നേടിയത്. സർവ്വകലാശാലയിലെ റീഡർ ഡോ.കെ. ശശികുമാറിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം,

ഹരികുമാറിന് എകെപിസിടിഎയുടെ അഭിനന്ദനങ്ങൾ.



With the best compliments from

**The Board of Management of**

**CALICUT CO-OPERATIVE ARTS AND COMMERCE COLLEGE**

**A Unit of**
**Kozhikodu Taluk Educational Co-operative Society**

# സപ്ലൈകോയുടെ രൂപീകരണത്തിനു പിന്നിലുള്ള ആശയം




## ഉപഭോക്താവിന് മുൻതൂക്കം

ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധം ഇത്ര വ്യാപകമാകുന്നതിന് വളരെ മുമ്പുതന്നെ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ജന്മംകൊണ്ടതാണ് സപ്ലൈകോ. 1974 ൽ കേരളസർക്കാർ രൂപം നൽകിയ കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സപ്ലൈകോ എന്ന ചുരുക്കപ്പേരിൽ ഇന്ന് കേരളീയർക്കാകെ ചിരപരിചിതമാണ്.

പലവ്യഞ്ജനങ്ങൾ മുതൽ പച്ചക്കറികൾ വരെ, ഭക്ഷ്യഎണ്ണകൾ മുതൽ പാചകവാതകം വരെ, ഗൃഹോപകരണങ്ങൾ മുതൽ ആർഭാട വസ്തുക്കൾവരെ, ഗാർഹികാവശ്യത്തിനുള്ള മണ്ണെണ്ണ മുതൽ വാഹനാവശ്യത്തിനുള്ള പെട്രോൾ വരെ നൂറുകണക്കിന് അവശ്യസാധനങ്ങളുടെ ഫലപ്രദമായ വിതരണശൃംഖലയാണ് സപ്ലൈകോ.

കേരളത്തിലങ്ങോളമിങ്ങോളം വ്യാപിച്ചുകിടക്കുന്ന ആ ശൃംഖലയിലെ സുശക്തമായ കണ്ണികളാണ് 656 മാവേലി സ്റ്റോറുകൾ, 30 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ, 12 സൂപ്പർ മാർക്കറ്റുകൾ, 9 പെട്രോൾ പമ്പുകൾ, 140 സുലഭ സ്റ്റോറുകൾ, 1172 സഹകരണ മാവേലി സ്റ്റോറുകൾ, 1100 സുഭിക്ഷ ഷോപ്പുകൾ, മണ്ണെണ്ണ ഡിപ്പോകൾ, 2 പാചകവാതക വിതരണ കേന്ദ്രങ്ങൾ, 44 മൽസ്യമാവേലി സ്റ്റോറുകൾ എന്നിവ.

സേവനനിഷ്ഠയാണ് ലക്ഷ്യം എന്നു വിശ്വസിക്കുന്ന സപ്ലൈകോ സമുന്നത നിലവാരം പുലർത്തുന്ന ഉൽപന്നങ്ങൾ സാധാരണക്കാരന് പ്രാപ്യമായ വിലനിരക്കിൽ ലഭ്യമാക്കുവാൻ പ്രതിജ്ഞാബദ്ധമാണ്. അവശ്യസാധനങ്ങൾക്കുള്ള വിശ്വസ്ത സങ്കേതമായി ജനമനസ്സുകളിൽ സ്ഥാനം നേടുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞതും വേറൊന്നും കൊണ്ടല്ല.

**SUPPLYCO**

**THE KERALA STATE CIVIL SUPPLIES CORPORATION LTD., GANDHI NAGAR, KOCHI-682 020**

Phone - 317176, 316923, 317011, 317019
Gram : SUPPLYCO
Telex : 0885-6513 Fax : 0484-312270

ABSTRACT OF Ph.D. THESIS

# Title: Analysis of Resource use Efficiency of the Spinnig mills in Kerala

P. S. MOHANAKUMAR *
Dept. of Economics
Sree Sankara College,
Kalady

Supervisor :
Dr. N. C. PILLAI
SMS Cochin University
of Science and Technology

Thesis submitted : July 1994

Degree awarded : July 1995

## A. INTRODUCTION

The objective of the study is to examine the relationship between the nature of ownership, firm-size and resource use efficiency of the spinning mills in Kerala. The study analyses and identifies the actors affecting the productive and financial performance of the spinning mills. By ownershipwise the mills are grouped as NTC, Co-operative, KSTC and Private mills. By firm-size the mills are grouped as small mills and medium mills. The study is based on data relating to 21 mills covering a period of 10 years.

## B. SIGNIFICANCE

In todays context of liberalisation, globalisation and free market economy, the countries are facing stiff competition to stay afloat in the world economy. Hence credibla structural reforms designed to improve the efficiency and productivity of resource use are an inescapable necessity. Proponents and opponents have made conflicting claims regarding the efficiency of governmental and non-governmental firms. Supporters and critics of small and medium firms also have drawn dissimilar views concerning the efficiency. From a policy point of view it is interesting to distinguish the inefficient firms from the efficient firms and to determine whether inefficient firms share some common set of characteristics.

## C. RESEARCH DESIGN

The framework of analysis adopted to study intersectoral comparisons of performance is as below:

1. Trend growth rate
2. Exponential technological progress
3. Cross section. Time series and panel data analysis

* The author is a state council member of A. K. P. C. T. A. He has published research papers and articles in several reputed national journals.

4. Technical efficiency using Cobb-Douglas frontier production function. The model takes the following form

$$Y = A L^{a} K^{b} e^{-u}$$

Where $u > 0$ and thus $0 < e^{-u} < 1$

5. Sources of variations in technical efficiency (TE) are examined by regressing firm-specific TE indexes on a number of enterprise characteristics.

6. Intersectoral differences in TFP with the help of dummy variables using Cobb-Dougles production function.

7. Partial factor productivites.

8. Inter-sectoral differences in capacity utilisation and application of Kendall co-efficient of concordance.

9. The structure of cost is analysed by decomposing total average cost into its components.

10. Inter-sectoral comparisons of profitability are made using six measures.

11. Pair-wise z-test and ANOVA applied to test the statistical significance of differences among means.

## D. MAJOR FINDINGS

There is considerable evidence that private enterprises are more often relatively efficient in terms of most of the partial factor productivity ratios, financial ratios and technical efficiency over their public sector counterparts. Private sector is significantly above its public sector counterparts at the 5 percent and even at the 1 percent level in some cases. Firm-sizs categorization between small and medium spinning mills is a very poor indicator of measurement of relatively efficiency in terms of all major measures used. Most of the mills in Kerala are found much below best practice technologies. For policy purposes it is essential to look into these factors.

## ജോൺസണ് ഡോക്ടറേററ്



കൊല്ലം ഫാത്തിമാ മാതാകോളേജ് കോമേഴ്സ് അധ്യാപകൻ ബി. ജോൺസണ് കേരള യൂണിവേഴ്സിററിയിൽനിന്നും ഡോക്ടറേററ് ലഭിച്ചു.

കേരളത്തിലെ ഓട്ടുവ്യവസായത്തിലെ ഉല്പാദന—വിപണന—സാമ്പത്തിക രീതികളെപ്പററിയുള്ള ഗവേഷണത്തിനാണ് ഡോക്ടറേററ് ലഭിച്ചത്. കേരള യൂണിവേഴ്സിററിയിലെ ഡോ: കെവിൻ ആയിരുന്നു ഗൈഡ്.

ജോൺസണ് എകെപിസിടിഎയുടെ അഭിനന്ദനങ്ങൾ.

## നിവേദനങ്ങൾ

## JOINT ACTION COUNCIL OF COLLEGE TEACHERS
(AKPCTA — AKGCT)

Thiruvananthapuram,
26th Sept, 1995.

To

The Hon: Chief Minister
Government of Kerala,
Thiruvananthapuram.

Sub : Interim relief to college and university teachers - request – regarding.

Dear sir,

The college and University Teachers of Kerala are very much agitated that the Government of Kerala have not so far taken any step to grant them Interim relief though many state governments have, quite in line with the policy of the Government of India, granted interim relief to their teachers in the higher education sector. In this respect, we should like to state the following facts very briefly. We earnestly solicit you to consider them favourably and to initiate necessary steps for meeting out justifiable demand for interim relief.

1. The UGC pay Revision for university and College teachers, based on the Merhotra Committee's recommendations of 1986, were retrospectively implemented in the state in 1990. With it the college and university teachers of Kerala became part of the national stream of higher education and the central pay structure. Introducing the UGC scheme, the Government of Kerala partly made amends for the damage done to the higher education by the non-implementation of the UGC pay scales of 1973.

2. Reckoning the growth in the GNP and the phenomenal price rise during the decade since the last pay revision, the Government of India have appointed the Fifth pay Commission to revise the pay-scales of Central Government Employees. Demanding the pay revision of University and College Teachers along these lines, the All India Federation of College and University Teachers' Organisations (AIFUCTO) staged a series of agitations. Consequently, the UGC has also appointed a committee with Dr. Rastogi as its Chairman for revising the pay scales of College and University Teachers.

3. As the report of the Fifth Pay Commission is likely to be delayed, the Govt.

of India have sanctioned two instalments of interim relief to the Central Government employees in order to partially alleviate their financial hardships. The first instalment of Rs. 100/- (Rupees One Hundred only) was sanctioned in September 1993. And, again, a second instalment of ten percent of the basic pay was granted from April 1995.

4. These two instalments of interim relief sanctioned to the Central Government Employees by the Government of India have been granted to the College Teachers of most states and also to the teachers of the Central Universities.

5. But, we are sorry to point out, the Government of Kerala have turned a blind eye to these developments taking place in other parts of the country. The Kerala Government have not so far taken any step to grant the two instalments of interim relief to the College and University teachers of the State. We call upon the Government to initiate immediate steps for granting the interim relief at the earliest, with retrospective effect. As Kerala has shown, comparatively, a greater rise in the price and living index, our demand is only just and legitimate.

Yours sincerely,

K. P. Divakaran Nair,
General Secretary,
A.K.P.C.T.A.

K. K. Viswanathan,
(General Secretary)
A.K.G.C.T.



## വിജയചന്ദ്രന് ഡോക്ടറേറ്റ്

തിരുവനന്തപുരം മഹാത്മാഗാന്ധികോളേജ് കോമേഴ്സ് അധ്യാപകൻ ബി. വിജയചന്ദ്രന് ഡോക്ടറേറ്റ് ലഭിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോക്ടറേറ്റ്. കാലിക്കട്ട് യൂണിവേഴ്സിറ്റി കോമേഴ്സ് & മാനേജ്മെൻറ് സ്റ്റഡീസ് വിഭാഗം റീഡർ ഡോക്ടർ കെ. ബി. പവിത്രൻെറ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

വിജയചന്ദ്രന് എകെപിസിടിഎയുടെ അഭിനന്ദനങ്ങൾ.

# ഗവ: ഉത്തരവുകൾ

GOVERNMENT OF KERALA

Abstract

General Administration-Strike by a section of Government Employees/Teachers on 28-10-1992-Regularisation —Orders Issued

GENERAL ADMINISTRATION (SS) DEPARTMENT

G. O. (P) No. 247/94/GAD.

Dated, Thiruvananthapuram, 8th August, 1994.

Read—1. G. O. (MS) 103/88/GAD dated 11-3-1988.

2. Circular Memorandum No. 91048/SSI/92/GAD dated 22-10-1992.

ORDER

Instructions were issued in the Circular Memorandum read above that the pay and allowances of those employees/teachers who participated in the token strike on 28-10-1992 would be withheld pending a decision on the nature of regularisation of the strike period. In the G O. read above, it was, inter alia, ordered that how the period of such absence on account of participation in strike by Government employees has to be treated, would be decided by Government on merits of each case.

2. Government have examined the question of regularisation of unauthorised absence of the employees/teachers who participated the strike day on 28-10-1992 and are pleased to order that the unauthorised absence on that day will be treated as duty for all purposes except for pay and allowances.

By order of the Governor,
PALAT MOHANDAS,
Principal Secretary to Government.

## GOVERNMENT OF KERALA

### Abstract

General Administration-Stirke by a section of Government Employees/Teachers on 25 9-1992 - Regularisation - Orders Issued.

---

### GENERAL ADMINISTRATION (SS) DEPARTMENT

G. O. (P) No. 9/94/GAD.

Dated, Thiruvananthapuram, 6th January, 1994.

---

Read :—1. G. O. (MS) 103/88/GAD dated 11-3-1988.
2. Circular No. 80082/SSI/92/GAD dated 23-9-1992 and 3-3-1993.

### ORDER

A section of Government Employees and Teachers went on strike on 25-9-1992. In the G. O. read above, it was inter alia ordered that the period of such absence in future would be decided by Government on merits of each case.

2. Government have examined the question of regularisation of unauthorised absence of the employees/teachers on the strike day on 25-9-1992 and are pleased to order that the unauthorised absence on that day will be treated as duty for all purposes except for pay and allowances.

By order of the Governor,
PALAT MOHANDAS,
Commissioner and Secretary.

*
**

## GOVERNMENT OF KERALA

### Abstract

General Administration-Strike by a section of Government Employees/Teachers on 29-9-1994—Regularisation of Unauthorised Absence-Orders Issued

---

### GENERAL ADMINISTRATION (SS) DEPARTMENT

G. O. (P) 352/95/GAD.

Dated, Thiruvananthapuram, 27th September, 1995.

---

Read :—1. G. O. (MS) 103/88/GAD. dated 11-3-1988.
2. Circular No. 82081/SSI/94/GAD dated 22-9-1994.

### ORDER

A section of State Government employees and teachers went on strike on 29-9-1994. In the G. O. read above, it was inter alia ordered that the period of unauthorised absence of employees participating in any strike would be decided by Government on merits of each case thereafter.

2. Government have examined the question of regularisation of unauthorised absence of the employees/teachers on the strike day on 29-9-1994 and are pleased to order that the unauthorised absence on that day will be regularised by granting eligible leave (other than casual leave).

By order of the Governer,
G. GOPALAKRISHNA PILLAI,
Additional Chief Secretary.

*
**

GOVERNMENT OF KERALA

Higher Education (C) Dept.,
Thiruvananthapuram,
Dated : 6-10-95.

No. 28461/C3/95/H.Edn.

From

The Commr. & Secretary

To

The Director of Collegiate Education,
Thiruvananthapuram.

Sir,

Sub : Extension of benefits of UGC Scheme/scale to teachers of Private Colleges regularised after 13-3-90.

Ref : Your Lr. No. UGC Cell. No. I (1) 6327/94 dt 19-4-95.

With reference to your letter cited I am to inform you as follows ;

Govt. letter No. 5356/B2/95/H.Edn. dt. 7-3-95 was issued clarifying the point referred to in Govt. letter No. 2566/B2/94/H. Edn. (B) Dept. dt. 28-10-94. As per he letter, the benefits of the UGC Scheme/scale are extended to qualified teachers of Private Colleges who were regularised against permanent vacancies after 13-3-90.

The previous services, if any rendered by teachers either in Govt. Colleges or in Private Colleges including broken services prior to regularisation can be counted for calculating qualifying services if the incumbent has not resigned from such previous post he or she had held.

In view of the above said further clarification in the matter is not necessary.

Yours faithfully,
J. VIJAYALEKSHMI AMMA,
Under Secretary,
for Commr. & Secretary.

GOVERNMENT OF KERALA

Abstract

Higher Education Department — UGC Scheme implementation Workload of principals and Heads of Departments in Arts and Science Colleges—Clarification—Orders issued

HIGHER EDUCATION (C) DEPARTMENT

G. O. (Ms) 189/95/H. Edn. Dated, Thiruvananthapuram, 9-11-95

Read: 1. G. O. (Ms) 118/93/H. Edn. dated 13-9-93

2. G. O. (Ms) 51/94/H. Edn. dated 29-3-94

3. Letter No. UGC Cell. I (1) 3686/93/Coll. Edn. dated 30-11-93 & 14-9-94 from Director of College Education

ORDER

Government are pleased to clarify that the workload of Principals and Heads of Departments in Arts and Science Colleges as per the First Ordinances of Universities existed before implementing the UGC Scheme will continue.

(BY ORDER OF THE GOVERNOR)
P. K. SANTHAMMA,
Additional Secretary to Govt.

---

## ഫിലിപ്പ് ജോണിന് ഡോക്ടറേറ്റ്

കുറവിലങ്ങാട് ദേവമാതാ കോളേജ് മലയാളം അധ്യാപകൻ ഫിലിപ്പ് ജോണിന് ഡോക്ടറേറ്റ് ലഭിച്ചു.

കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോക്ടറേറ്റ്. ഫിലിപ്പ് ജോണിന് എ.കെ.പി.സി.ടി.എ—യുടെ അഭിനന്ദനങ്ങൾ.



INDIAN AUDIT AND ACCOUNTS DEPARTMENT

Accountant General (Audit) Kerala
P. B. No. 5608, Thiruvananthapuram-695 039

No. Pay Fixn (Hq) / 8-6 g / (3) / 94-95 / 462 Date 15-11-1995

To

The Dy. Director of Collegiate Education, Quilon.

Sub:- Inspection Report on the test check of fixation of pay of private college teachers under U. G. C. scheme

Ref:- Your letter No..F1-10833 / 94 dated 7-12-94

Sir,

Kindly refer to correspondence resting with your letter cited above. Government have clarified that the conditions of service in respect of the teachers coming under the U. G. C. scheme and U. G. C. scales of pay are the same. Hence the objection raised regarding fixation of pay of Smt. G. Sulekha, Lecturer (Sr. Grade) in Malayalam has been dropped.

Yours faithfully

Sd-

Audit Officer

## ബ്രാഞ്ചുകൾ ശ്രദ്ധിക്കുക

എകെപിസിടിഎ ഓഫീസ് മന്ദിരത്തിന്റെ രണ്ടാംനില വാർത്തു കഴിഞ്ഞു. ഇനിയുള്ള പണി പൂർത്തിയാക്കാൻ പണമില്ല. ഇപ്പോഴുള്ള വാടക കെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേയ്ക്ക് എത്രയും പെട്ടെന്ന് മാറണമെങ്കിൽ കെട്ടിടഫണ്ട് ബ്രാഞ്ചുകളിൽനിന്നും ഉടനേ അയച്ചുതരണം. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക.

കെ. പി. ദിവാകരൻനായർ

ജനറൽ സെക്രട്ടറി

## GOVERNMENT OF KERALA

### Abstract

Higher Education Department - U. G. C. Scheme implementation - Relaxation of marks from 55% to 50% at Masters level for those who have cleared National Eligibility Test prior to 19-9-91 - Orders issued -

---

## HIGHER EDUCATION (C) DEPARTMENT

G. O. (Ms) No. 188/95/H. Edn. Dated, Thiruvananthapuram, 7-11-95

---

Read : 1. Letter No. Ac. F. V. I. Genl/Misc/4121/95 dated 5-7-95 from Registrar, University of Kerala.

2. Letter No. F. 1-3 (2) / 95 (P. S) dated 9-10-95 from U. G. C.

### ORDER

Government are pleased to order that the requirement of 55% of marks at Master's Degree level for Lectureship be relaxed to 50% for those who have cleared the J. R. F. examination conducted by U. G. C. / C. S. I. R. or similar test accredited by U. G. C. only prior to 19-9-91 as concurred to by U. G. C. vide their letter 2nd cited.

(BY ORDER OF THE GOVERNOR)

J. VIJAYALEKSHMI AMMA,
Under Secretary to Govt.

---


## തോമസിന് ഡോക്ടറേറ്റ്



തൃശൂർ സെൻറ് തോമസ് കോളേജ് അധ്യാപകൻ പി. ടി. തോമസിന് ഡോക്ടറേറ്റ് ലഭിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിലാണ് ഡോക്ടറേറ്റ് നേടിയത്.


തോമസിന് എ. കെ. പി. സി. ടി. എ. യുടെ അഭിനന്ദനങ്ങൾ.

# വിജയിച്ച കോളേജധ്യാപകർക്ക് സ്വീകരണം



സ്വീകരണയോഗത്തിൽ തിരുവനന്തപുരം മേയർ ശ്രീ. ശിവൻകുട്ടി സംസാരിക്കുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ വിവിധ സമിതികളിലേയ്ക്കും തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലിലേയ്ക്കും ജില്ലയിൽ നിന്നും വിജയിച്ച എകെപിസിടിഎ അംഗങ്ങൾക്ക് ജില്ലാക്കമ്മിറ്റി സ്വീകരണം നൽകി. മേയർ വി. ശിവൻകുട്ടി മുഖ്യാതിഥി ആയിരുന്നു. സംസ്ഥാന പ്രസിഡൻറ് പ്രൊഫ. എസ്. വിശ്വനാഥൻ യോഗം ഉൽഘാടനം ചെയ്തു. ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ, സെക്രട്ടറി പ്രൊഫ. ആർ. മോഹനകുമാർ, ഡോ. ആർ. ബി. രാജലക്ഷ്മി എന്നിവർ സംസാരിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. രാമൻപിള്ള, കോർപ്പറേഷൻ കൗൺസിലർ പ്രൊഫ. ചന്ദ്ര, സെനറ്റംഗം ഡോ. രവീന്ദ്രൻ, അക്കാദമിക് കൗൺസിൽ വിജയികളായ പ്രൊഫ. ടി. തോമസ്, പ്രൊഫ. സുരേന്ദ്രനാഥ്, പ്രൊഫ. രാജു എന്നിവർ അനുമോദനങ്ങൾക്ക് മറുപടി പറഞ്ഞു. യോഗത്തിൽ ജില്ലാ പ്രസിഡൻറ് പ്രൊഫ. എസ്. ശിവൻ അധ്യക്ഷനായിരുന്നു. പ്രൊഫ. എം. ദിവാകരൻനായർ സ്വാഗതവും പ്രൊഫ. സതീഷ്ചന്ദ്രൻ നന്ദിയും പറഞ്ഞു.



സർക്കാരിൻെറ വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ സെക്രട്ടേറിയററു പടിക്കൽ അധ്യാപക സംഘടനാ നേതാക്കൾ അനിശ്ചിതകാല നിരാഹാരസമരം നടത്തുന്നു



സെക്രട്ടേറിയററു നടയിൽ വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ അനിശ്ചിതകാല നിരാഹാരസമരം

R. No. 36025/81 Kerala Private College Teacher Reg. No. KLTV (N) 35

# എകെപിസിടിഎ
# ഓഫീസ് മന്ദിരം

## പണി പുരോഗമിക്കുന്നു
## രണ്ടാംനില വാർത്തുകഴിഞ്ഞു

***

**എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാൻ**
**ബ്രാഞ്ചുകൾ കെട്ടിടഫണ്ട് ഉടൻ എത്തിക്കുക**

വിലാസം :

കെ. പി. ദിവാകരൻനായർ
ജനറൽ സെക്രട്ടറി
എകെപിസിടിഎ
28/406, അംബുജവിലാസം റോഡ്
തിരുവനന്തപുരം

edited printed and published by prof. v. narayanan kutty at chempaka printers
tvm-4 phone : 442127 chief editor k. sukumaran nair